## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4944 — 23.03.2018-ൽ മറുപടിക്ക്

### ഊരുമിത്രം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. ഉമ്മർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന ഊരുമിത്രം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19.04.2017ലെ G.O.(Rt)No.1106/2017/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം) കേരള ഘടകം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഊരുമിത്രം. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃ ശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്. ഗോത്ര വർഗ കോളനികളിൽ സ്ഥിരതാമസക്കാരായ സ്ത്രീകളെ ആ കോളനിയിലെ അംഗങ്ങൾ തന്നെ തിരഞ്ഞെടുക്കുകയും തീവ്രപരിശീലനത്തിലൂടെ അവരെ ആരോഗ്യ പ്രവർത്തകരായി മാറ്റുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. |
| ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആദിവാസി മേഖലയിൽ മാതൃ-ശിശു മരണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | സംസ്ഥാനത്തിലെ മാതൃ-ശിശു സേവന മേഖലകൾ മികവുറ്റതാക്കുവാനായി കൂടുതൽ സജ്ജീകരണങ്ങളും പരിശീലനങ്ങളും ആർദ്രം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. കേരളത്തിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മാതൃ-ശിശു മരണനിരക്ക് സമയ ബന്ധിതമായി കുറയ്ക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ മേഖലയിൽ വരുന്ന സമൂലമായ മാറ്റങ്ങളും പരിശീലനങ്ങളും സേവന മികവും മാറുന്ന മുറയ്ക്ക് കേരളത്തിലെ മാതൃ - ശിശുമരണ നിരക്ക് 2020 ഓടെ ഗണ്യമായി കുറയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്. ഊരുമിത്രം പദ്ധതി ഇതിലെ ഒരു ഘടകം മാത്രമാണ്. |
| സി) | പ്രസ്തുത പദ്ധതിക്കായി ഊരുമിത്രത്തെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | സി) | വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ. ജെ.എച്ച്.ഐ കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടു പേരിൽ നിന്നും ദ്വിദിന പരിശീലന/തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തിരഞ്ഞെടുക്കുന്നു.<br>• അതേ ഗോത്രത്തിൽ പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം.<br>• എഴുത്തും വായനയും അറിഞ്ഞിരിക്കണം<br>• സന്നദ്ധ സേവനതല്പരയായിരിക്കണം.<br>• വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം. |
| ഡി) | പ്രസ്തുത മാനദണ്ഡത്തിനനുസരിച്ച് ഊരുമിത്രത്തെ ലഭിക്കാത്ത സഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | വിവരം ശേഖരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**